LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഭരണപരമായും അക്കാദമികപരമായുമുള്ള പ്രതിസന്ധികൾ തരണം ചെയ്യുന്നതിന് പ്രസ്തുത ഒഴിവുകളിൽ അടിയന്തരമായി നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

പ്രിൻസിപ്പാൾ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് കൊണ്ടുണ്ടാകുന്ന പ്രതിസന്ധി ഒഴിവാക്കാനായി സ്ഥാപനങ്ങളിലെ വൈസ് പ്രിൻസിപ്പാൾ/സീനിയർ അദ്ധ്യാപകർക്ക് പ്രിൻസിപ്പാളിന്റെ സാമ്പത്തിക അധികാരത്തോടുകൂടിയ പൂർണ്ണ അധിക ചുമതല നല്കിയിട്ടുണ്ട്. പ്രിൻസിപ്പാൾ തസ്തികയിലെ നിയമനം നടത്തുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിഗണനയിലാണ്.

(സി) ജില്ലയിലെ വിവിധ സർക്കാർ കോളേജുകളിലെ അദ്ധ്യാപക ഒഴിവുകൾ സംബന്ധിച്ച വിശദാംശം നൽകുമോ; പ്രസ്തുത ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ?

മലപ്പുറം ജില്ലയിലെ വിവിധ സർക്കാർ കോളേജുകളിൽ നിലവിലുള്ള അദ്ധ്യാപക ഒഴിവുകൾ ചുവടെ ചേർക്കുന്നു. നിലവിലുള്ള അദ്ധ്യാപക ഒഴിവുകളിൽ പി.എസ്.സി.-യിൽനിന്നും നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്നതാണ്.

അദ്ധ്യാപക നിയമനത്തിന് പ്രവർത്തി പരിചയം

124(1109) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന കോളേജുകളിലെ അദ്ധ്യാപക നിയമനത്തിന് പ്രവർത്തി പരിചയം മാനദണ്ഡമാക്കിയിട്ടുണ്ടോ?

ഗവൺമെന്റ് ടെയിനിംഗ് കോളേജുകളിലെ അദ്ധ്യാപക നിയമനത്തിന് പ്രവർത്തി പരിചയം മാനദണ്ഡമാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത വകുപ്പിന് കീഴിൽ വരുന്ന ബി.എഡ്. കോളേജുകളിലെ അസിസ്റ്റന്റ് പ്രൊഫസർ നിയമനത്തിന് പ്രവർത്തി പരിചയം മാനദണ്ഡമാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) മറ്റ് വിഷയങ്ങളിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ നിയമനങ്ങൾക്ക് പ്രവർത്തി പരിചയം ആവശ്യമില്ലെന്നിരിക്കെ ബി.എഡ്. കോളേജുകളിലെ പ്രസ്തുത തസ്തികയിലും പ്രവർത്തി പരിചയം ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.